I/120314/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/5451/2023-E1

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 11-10-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം – ശിശുവികസന പദ്ധതി ഓഫീസർമാരുടെ ഡെപ്യൂട്ടേഷൻ നിയമനം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- ചണ്ഡീഗഢ് വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറിയുടെ 08/09/2023 ലെ ICDS-Cell/2023/507 നമ്പർ കത്ത്

ചണ്ഡീഗഢിൽ ശിശുവികസന പദ്ധതി ഓഫീസറുടെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി മൂന്ന് ശിശുവികസന പദ്ധതി ഓഫസർമാരെ ഉൾപ്പെടുത്തി ഒരു പാനൽ തയ്യാറാക്കുന്നതായും ആയതിലേയ്ക്ക് താൽപര്യമുള്ള സംസ്ഥാനത്തെ ജീവനക്കാരുടെ ലിസ്റ്റ് നൽകാനും സൂചന പ്രകാരം അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പറയുന്ന അക്കാദമിക് യോഗ്യതയുള്ള ജീവനക്കാർക്ക് പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>അക്കാദമിക് യോഗ്യത :</u> സോഷ്യോളജി, സോഷ്യൽ വർക്ക്, ഇക്കണോമിക്സ്, ആന്ത്രോപോളജി, ഹോം സയൻസ്, ചൈൽഡ് ഡെവലപ്മെന്റ്, ന്യട്രീഷ്യൻ എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തിലുള്ള അംഗീകൃത സർവ്വകലാശാല ബിരുദം.

<u>പ്രവർത്തി പരിചയം :</u> ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ മൂന്ന് വർഷത്തെ സേവനം.

ഡെപ്യൂട്ടേഷൻ നിയമനത്തിനായി അപേക്ഷ സമർപ്പിക്കാൻ താൽപര്യമുള്ളതും നിശ്ചിത യോഗ്യതയുള്ളതുമായ ശിശുവികസന പദ്ധതി ഓഫീസർമാർ ഈ പരിപത്രത്തിലെ തീയതി മുതൽ മൂന്ന് ദിവസത്തിനകം ബയോഡേറ്റയും, സർട്ടിക്കറ്റുകളുടെ പകർപ്പും ഉൾപ്പടെ വനിതാ ശിശുവികസന ഡയറക്ടേറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

I/120314/2023

<u>പകർപ്പ്</u>

1) എല്ലാ ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

3) സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Rajila Beevi S
Date: 11-10-2023 12:12:22